LIBRARY ARCHIVES Kerala Legislative Assembly

ചാലക്കുടി താലൂക്കിലെ കിഴക്കെ ചാലക്കുടി വില്ലേജിൽ 293/2, 294/1 എന്നീ സർവ്വേ നമ്പറുകളിലായി സ്ഥിതിചെയ്യുന്ന 0.2135 ഹെക്ടർ സ്ഥലമാണ് റവന്യൂ ടവർ നിർമ്മിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ളത്. പ്രസ്തുത ഭൂമി ഭവനനിർമ്മാണ ബോർഡിന് കൈമാറുന്നതിന് ജില്ലാ കളക്ടർ നടപടി സ്വീകരിച്ചുവരുന്നു.

വില്ലേജ് ഓഫീസുകളുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ പദ്ധതികൾ

325 (935) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട എല്ലാ ഭൂരേഖകളുടെയും സൂക്ഷിപ്പും പരിപാലനവും അതത് വില്ലേജ് ഓഫീസുകളിലായതിനാൽ വില്ലേജ് ഓഫീസുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും ആധുനിക സൗകര്യങ്ങളൊരുക്കുന്നതിനും നടപ്പാക്കിവരുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

&

(ബി) ദിവസവും ജനങ്ങളെത്തുന്ന ഓഫീസെന്ന നിലയിൽ വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുകയെന്ന ഉദ്ദേശ്യത്തോടു കൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ആഫീസിൽനിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളുമാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളിലൊരുക്കുന്നത്. സ്മാർട്ട് വില്ലേജ് ഓഫീസുകൾക്കായി സ്ഥലലഭ്യതയ്ക്കനുസരിച്ച് ആധുനിക രീതിയിലുള്ള കെട്ടിടങ്ങളാണ് നിർമ്മിച്ചുവരുന്നത്. ഇവയിൽ പൊതുജനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക്/ഫ്രണ്ട് ഓഫീസ്, സന്ദർശകർക്കുള്ള റൂം, വില്ലേജ് ഓഫീസറുടെ റൂം, മറ്റുദ്യോഗസ്ഥർക്കുള്ള ഓഫീസ് റൂം, ഡൈനിംഗ് റൂം, റിക്കാർഡ് റൂം, ടോയ്ലറ്റുകൾ

LIBRARY ARCHIVES Kerala Legislative Assembly

എന്നിവയും ഫർണിച്ചർ, സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യങ്ങൾ എന്നിവയുമുൾപ്പെടുന്നു. പൊതുജനങ്ങളുടെ സൗകര്യത്തിനായി ഇരിപ്പിട സൗകര്യങ്ങളോടുകൂടിയ സന്ദർശക മുറിയും കുടിവെള്ള സൗകര്യവും ടോയ്‌ലറ്റുകളുമേർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ഓഫീസുകളും ഭിന്നശേഷി സൗഹൃദമായാണ് നിർമ്മിച്ചുവരുന്നത്.

(സി) സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയിലൂടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് വിഭാവന ചെയ്യുന്നത്; അവയുടെ പുരോഗതി വ്യക്തമാക്കാമോ?

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART)റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ആഫീസിൽനിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളുമാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ ഒരുക്കുന്നത്. സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ നിന്നും ലഭിക്കുന്ന സേവനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഇ-ഡിസ്ട്രിക്ട്-

വില്ലേജ് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്കാവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്.

2. ആർ.ആർ. ഓൺലൈൻ -

റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്‌ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ്തലം വരെ ബന്ധിപ്പിക്കുന്ന പദ്ധതിയാണ് ആർ.ആർ.ഓൺലൈൻ.

3. സംയോജിത ഓൺ ലൈൻ - പോക്കുവരവ് (Online Mutation):

ആധുനിക വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുകയെന്ന ഉദ്ദേശ്യ ലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പാക്കുന്നത്.